**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1820** **08-02-2023 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റിനോട് ചേർന്നുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ നിലവിൽ എത്ര മുറികളുണ്ടെന്നും അതിൽ എത്രയെണ്ണമാണ് ഒഴിഞ്ഞുകിടക്കുന്നതെന്നും അറിയിക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി. പയ്യന്നൂർ ഷോപ്പിംഗ് കോംപ്ലക്സിൽ 40 മുറികളാണ് നിലവിൽ ഉള്ളത്. അതിൽ 16 മുറികളാണ് ഒഴിഞ്ഞു കിടക്കുന്നത്. |
| (ബി) | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പയ്യന്നൂർ സബ് ആർ.ടി. ഓഫീസും മറ്റ് സർക്കാർ ഓഫീസുകളും പ്രസ്തുത ഷോപ്പിംഗ് കോംപ്ലക്സിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ബി) | പരിഗണനയിലുണ്ട്.<br><br>പയ്യന്നൂർ സബ് ആർ.ടി. ഓഫീസ് പ്രസ്തുത ഷോപ്പിംഗ് കോംപ്ലക്സിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി RTO അധികാരികൾ പയ്യന്നൂർ ഷോപ്പിംഗ് കോംപ്ലക്സ് സന്ദർശിച്ച് പരിശോധന നടത്തി ഓഫീസിന്റെ വാടക നിശ്ചയിക്കുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് സ്വീകരിച്ചു വരികയാണ്.<br><br>കൂടാതെ നിലവിൽ ഒഴിഞ്ഞ് കിടക്കുന്ന കടമുറികൾ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്ക് അവർക്ക് ആവശ്യമായ സ്ഥലം ആവശ്യപ്പെടുന്ന മുറയ്ക്ക് നിയമാനുസരണം അനുവദിച്ചു നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ